**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2346** | **12-02-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ്,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി നേടുവാൻ കഴിഞ്ഞിട്ടുള്ള അംഗീകാരങ്ങൾ സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (എ) | **2022-23** കാലയളവിലെ പ്രവർത്തനങ്ങൾക്ക് ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരള ഭക്ഷ്യ സുരക്ഷാ വകുപ്പിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചതിന് **FSSAI** യുടെ പ്രത്യേക അംഗീകാരവും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | രാജ്യത്തെ സംസ്ഥാനങ്ങളിൽ ഭക്ഷ്യസുരക്ഷാ സൂചികയിൽ കേരളം ഒന്നാമതെത്തുന്നതിനായി പരിഗണിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനങ്ങൾ നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി FSSAI നിശ്ചയിച്ചിട്ടുള്ള 6 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കപ്പെടുന്നത്. ആയതിൽ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം ഉൾപ്പെട്ടിട്ടുള്ളത്. ചുവടെ ചേർത്തിരിയ്ക്കുന്ന 6 മേഖലകളിലെ പ്രവർത്തന മികവാണ് ഇതിനായി പരിഗണിച്ചിട്ടുള്ളത്.<br><br>1) Human Resources and Institutional Data<br><br>2) Compliances<br><br>3) Food Testing Infrastructure<br><br>4) Training and Capacity Building<br><br>5) Consumer Empowerment<br><br>6) Improvement in SFSI Rank<br><br>സംസ്ഥാനത്തിന് കഴിഞ്ഞ ഒരു വർഷക്കാലയളവിലെ പ്രവർത്തനങ്ങൾക്ക് വിവിധ മേഖലകളിൽ ചുവടെ ചേർക്കും പ്രകാരം **FSSAI** സ്കോർ നൽകിയിട്ടുണ്ട്. |

| | |
|---|---|
| Large State | Kerala |

<table>
<tr><td></td><td></td><td></td><td><table>
<tr><td>Human Resources & Institutional Data</td><td>8.5</td></tr>
<tr><td>Compliance</td><td>15</td></tr>
<tr><td>Food Testing Infrastructure</td><td>13.5</td></tr>
<tr><td>Training and Capacity Building</td><td>8</td></tr>
<tr><td>Consumer Empowerment</td><td>16</td></tr>
<tr><td>Improvement in SFSI Rank</td><td>2</td></tr>
<tr><td>Total</td><td>63</td></tr>
</table></td></tr>
<tr><td>(സി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;</td><td>(സി)</td><td>ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ നിരന്തരം അവലോകനം ചെയ്ത് വരുന്നു. സംസ്ഥാന തലത്തിൽ ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ അധ്യക്ഷതയിൽ ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ, ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ, നോഡൽ ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി എല്ലാ മാസവും വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശകലനങ്ങൾക്ക് വിധേയമാക്കുകയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സർക്കാർ തല വിലയിരുത്തലും നടത്തുന്നുണ്ട്. ഇത് കൂടാതെ FSSAI quarterly basis വകുപ്പിന്റെ പ്രവർത്തനങ്ങൾ Central Advisory Committee മീറ്റിംഗിൽ വിലയിരുത്തുന്നുണ്ട്. അതോടൊപ്പം ജില്ലാ തലത്തിൽ എല്ലാ മാസവും ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ അതാത് ജില്ലകളിലെ എല്ലാ ഭക്ഷ്യ സുരക്ഷാ ഓഫീസർമാരുമായും അതാത് മാസങ്ങളിലെ ജില്ലകളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു.</td></tr>
<tr><td>(ഡി)</td><td>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും വകുപ്പിനെ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?</td><td>(ഡി)</td><td>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും വകുപ്പിനെ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങളോടെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് വർക്ക് സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ